കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ് - 'വിജയാമൃതം' പദ്ധതി- ഡിഗ്രി/തത്തുല്യ കോഴ്സുകൾ, പി.ജി/പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ) നം.324/2019/സാ.നീ.വ തീയതി, തിരുവനന്തപുരം 1.6.2019

---

പരാമർശം:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 10.4.2019 ലെ ഡി1-2898/19 നമ്പർ കത്ത്

2. 3.5.2019 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

ഉത്തരവ്

ഭിന്നശേഷിക്കാരെ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള 'വിജയാമൃതം' പദ്ധതി പ്രകാരം ഡിഗ്രി/തത്തുല്യ കോഴ്സുകൾ, പി.ജി/പ്രൊഫഷണൽ കോഴ്സുകൾ എന്നീ വിഭാഗങ്ങളിൽ സർക്കാർ/ സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ/കോളേജുകൾ/മറ്റ് അംഗീകൃത സ്ഥാപനങ്ങൾ (പാരലൽ കോളേജ്, വിദൂര വിദ്യാഭ്യാസം) എന്നിവിടങ്ങളിൽ നിന്നും 2018-19 അദ്ധ്യയന വർഷം ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്നതിന് താഴെപ്പറയും പ്രകാരം സാമൂഹ്യനീതി ഡയറക്ടർ പരാമർശം 1 പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം | വിഭാഗം | യോഗ്യത | അവാർഡ് തുക (രൂപയിൽ) | ഒരു ജില്ലയ്ക്ക് അനുവദിക്കുന്ന എണ്ണം |
|---|---|---|---|---|
| 1. | ഡിഗ്രി കോഴ്സുകൾ/തത്തുല്യ കോഴ്സുകൾ | ആർട്ട്സ് വിഷയങ്ങൾക്ക് 60% ഉം സയൻസ് വിഷയങ്ങൾക്ക് 80% ഉം മാർക്ക് ഉണ്ടായിരിക്കണം | 8000/- | 10 |
| 2. | പിജി/പ്രൊഫഷണൽ കോഴ്സുകൾ | 60% ഉം അതിൽ കൂടുതലും മാർക്ക് നേടിയിരിക്കണം | 10,000/- | 5 |
| 3. | സർട്ടിഫിക്കറ്റ്, മൊമെന്റോ മറ്റ് ചെലവുകൾ | | 1,80,000/- | |

ഈ പദ്ധതി നടപ്പ് സാമ്പത്തിക വർഷം പൈലറ്റ് പ്രോജക്ടായി 14 ജില്ലകളിലും നടപ്പിലാക്കാവുന്നതും ഒരു ജില്ലയ്ക്ക് 2 വിഭാഗങ്ങളിലെയും 15 ഗുണഭോക്താക്കൾക്കായി ആകെ 1,30,000/- രൂപ ആവശ്യമാണെന്നും 1,30,000/- രൂപ വീതം 14 ജില്ലകൾക്ക് ആകെ 18,20,000/- രൂപയും സർട്ടിഫിക്കറ്റിനും മൊമന്റോയ്ക്കും മറ്റ് ഇനങ്ങൾക്കുമായി 1,80,000/- രൂപയും ഉൾപ്പെടെ ആകെ 20,00,000/- രൂപ 2235-60-200-83(പി) ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്നും പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകണമെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. 3.5.2019 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡിഗ്രി/തത്തുല്യ കോഴ്സുകൾ, പി.ജി/പ്രൊഫഷണൽ കോഴ്സുകൾ എന്നീ വിഭാഗങ്ങളിൽ സർക്കാർ/ സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ/കോളേജുകൾ/മറ്റ് അംഗീകൃത സ്ഥാപനങ്ങൾ (പാരലൽ കോളേജ്, വിദൂര വിദ്യാഭ്യാസം) എന്നിവിടങ്ങളിൽ നിന്നും 2018-19 അദ്ധ്യയന വർഷം ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന 'വിജയാമൃതം ' പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയും നടപ്പ് സാമ്പത്തിക വർഷം പൈലറ്റ് പ്രോജക്ടായി ഒരു ജില്ലയ്ക്ക് 2 വിഭാഗങ്ങളിലെയും 15 ഗുണഭോക്താക്കൾക്കായി 1,30,000/- രൂപ വീതം 14 ജില്ലകൾക്ക് ആകെ 18,20,000/- രൂപയും സർട്ടിഫിക്കറ്റിനും മൊമന്റോയ്ക്കും മറ്റ് ഇനങ്ങൾക്കുമായി 1,80,000/- രൂപയും ഉൾപ്പെടെ ആകെ 20,00,000/- രൂപ(ഇരുപതു ലക്ഷം രൂപ മാത്രം ) 2235-60-200-83(പി) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്സ് .എസ്സ് .എ ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ്(Item No 8)
ആസൂത്രണസാമ്പത്തികകാര്യവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ